**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയം ഭരണവകുപ്പ്-പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2007-2008 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.5 ലെ ഓഡിറ്റ് തടസ്സം സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം 1178/15/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18/04/2015

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 8-05-2014 ലെ M3.15336/14 നമ്പർ കത്ത്.

2)ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 11-03-2015 ലെ L.F 11586/PT2/2014 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2007-2008 വർഷത്തെ ഓഡിറ്റ്റിപ്പോർട്ട് ഖണ്ഡിക 3.5 പ്രകാരം1,89,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ (ഡി ബി ) വകുപ്പിന്റെ 12-03-2012 ലെ സ.ഉ (സാധാ)നം. 737/2012/LSGD പ്രകാരം വികലാംഗർക്ക് ട്രൈ സൈക്കിൾ എന്ന ഉപകരണത്തെക്കാളേറെ സ്കൂട്ടർ വിത്ത് സൈഡ് വീൽ പ്രയോജനപ്രദമാവും എന്ന് ഉത്തരവിറക്കിയിട്ടുണ്ട് .ഇതു പ്രകാരം വികലാംഗർക്ക് കൂടുതൽ ഉപകാരപ്രദം സ്കൂട്ടർ വിത്ത് സൈഡ് വീൽ ആയതിനാൽ ഖണ്ഡിക 3(5) പ്രകാരം 4 പേർക്ക് Modified motor Cycle വിതരണം ചെയ്യുന്നിനു നൽകിയ 1,89,000/- രൂപയുടെ ചെലവിനു സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം2 പ്രകാരം ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി മേൽ വിവരിച്ച വസ്തുതകളുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്ത് ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് 2007-2008 വർഷത്തെ ഖണ്ഡിക 3.5 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയ 1,89,000/-(ഒരു ലക്ഷത്തി എൺപത്തി ഒൻപതിനായിരം രൂപ മാത്രം) രൂപയുടെ ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സാലമ്മ എബ്രഹാം

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

ലോക്കൽഫണ്ട് ആഡിറ്റ്ഡയറക്ടർ,തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്

ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്

സെക്രട്ടറി, ആലത്തൂർ ഗ്രാമപഞ്ചായത്ത്,പാലക്കാട്

ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ